വർദ്ധനവാണുണ്ടായിട്ടുള്ളത്. ചാരായം ഉപയോഗിച്ചിരുന്നവർ വിദേശമദ്യം ഉപയോഗിക്കാൻ തുടങ്ങിയതാകാം കാരണം എന്നു കരുതുന്നു.

കോക്കനട്ട് പ്രമോഷൻ കൗൺസിൽ

19 (*229)ശ്രീ. സി.എൻ. ജയദേവൻ :
ശ്രീ. പി.എസ്. സുപാൽ :
ശ്രീ. പി. രാജു :
ശ്രീ. യു.എസ്. ശശി :
ശ്രീ. കെ.പി. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തെങ്ങുകൃഷിയുടെ പ്രോത്സാഹനത്തിനായി കോക്കനട്ട് പ്രൊമോഷൻ കൗൺസിൽ രൂപീകരിക്കുന്നതിനുദ്ദേശിക്കുന്നുണ്ടോ;

(ബി) എങ്കിൽ ഈ കൗൺസിലിന്റെ ഉദ്ദേശലക്ഷ്യങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ;

(സി) കൗൺസിലിന്റെ ഘടന എപ്രകാരമാണെന്ന് വെളിപ്പെടുത്തുമോ;

(ഡി) കോക്കനട്ട് പ്രമോഷൻ കൗൺസിലിന്റെ പ്രവർത്തനങ്ങൾ എന്നത്തേക്ക് ആരംഭിക്കുവാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

കൃഷി വകുപ്പുമന്ത്രി (ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ) :

(എ) രൂപീകരിച്ചിട്ടുണ്ട്.

(ബി) കേരളത്തിലെ നാളികേരകൃഷിയുടെ സമഗ്രമായ വികസനത്തിനും നാളികേര ഉൽപന്നങ്ങളുടെ വൈവിധ്യവൽക്കരണത്തിനും പ്രചരണത്തിനും വേണ്ടുന്ന കർമ്മപരിപാടികൾ നിർദ്ദേശിക്കുവാനും പ്രസ്തുത പരിപാടികൾ ഏകോപിപ്പിക്കുവാനും വിലയിരുത്തുവാനും അതുവഴി കേരകർഷകർക്ക് ന്യായമായ വില ലഭ്യമാക്കുവാനും ഉദ്ദേശിച്ചുകൊണ്ടാണ് പ്രസ്തുത കൗൺസിൽ രൂപീകരിച്ചിട്ടുള്ളത്.

(സി) താഴെ പറയുന്ന അംഗങ്ങളാണ് കൗൺസിലിൽ ഉള്ളത്.

1.	കൃഷി വകുപ്പുമന്ത്രി	ചെയർമാൻ
2.	കാർഷികോൽപ്പാദന കമ്മീഷണർ	അംഗം
3.	സെക്രട്ടറി (കൃഷി)	കൺവീനർ
4.	കൃഷിവകുപ്പ് ഡയറക്ടർ	അംഗം
5.	ഡയറക്ടർ (കാർഷിക വിപണനം)	അംഗം
6.	ചെയർമാൻ, നാളികേരവികസന ബോർഡ്, കൊച്ചി.	
7.	മാനേജിംഗ് ഡയറക്ടർ, കേരഫെഡ്, തിരുവനന്തപുരം.	
8.	മാനേജിംഗ് ഡയറക്ടർ, ആഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ, തിരുവനന്തപുരം.	
9.	മാനേജിംഗ് ഡയറക്ടർ, മാർക്കറ്റ് ഫെഡ്, കൊച്ചി.	
10.	ചെയർമാൻ, കാർഷിക വില നിർണ്ണയ ബോർഡ്, തിരുവനന്തപുരം.	
11.	റീജിയണൽ മാനേജർ, എൻ.സി.ഡി.സി., തിരുവനന്തപുരം.	

LIBRARY ARCHIVES Kerala Legislative Assembly

12. സഹകരണവകുപ്പ് രജിസ്ട്രാർ, തിരുവനന്തപുരം.
13. ഡോ. രവിരാമൻ, കാർഷികകോളേജ്, വെള്ളായണി, തിരുവനന്തപുരം.
14. ശ്രീ. പി.വി. അലക്സാണ്ടർ, സെന്റ് മേരീസ് ഓയിൽ മിൽസ്, ആലപ്പുഴ.
15. ഡയറക്ടർ, റീജിയണൽ റിസർച്ച് ലാബറട്ടറി, തിരുവനന്തപുരം.
16. ജനറൽ മാനേജർ, നബാർഡ്, തിരുവനന്തപുരം.
17. ശ്രീ. പി. അബ്ദുൾഹമീദ്, പ്രസിഡന്റ്.
കേരള സംസ്ഥാന ചെറുകിട വ്യവസായ അസോസിയേഷൻ,
ഗാന്ധിറോഡ്, കോഴിക്കോട്.
18. ശ്രീ. എ.സി. മാത്യു, എടയാടി.
19. ശ്രീ. എം. അരവിന്ദാക്ഷൻ, മുൻചെയർമാൻ, നാളികേര
വികസനബോർഡ്.
20. കാനറാ ബാങ്കിന്റെ പ്രതിനിധി
21. പ്രോഗ്രാം ഡയറക്ടർ, കെ.എച്ച്.ഡി.പി.
22. കേര കർഷക സംഘം ഉൾപ്പെടെയുള്ള
കർഷക സംഘടനകളുടെ പ്രതിനിധികൾ

(ഡി) കൗൺസിലിന്റെ ആദ്യയോഗം 22.6.2000-ൽ കൂടി. എല്ലാ മാസവും യോഗം കൂടാൻ തീരുമാനിക്കുകയും ചെയ്തു. നാളികേര കൃഷിയുടെ സമഗ്രമായ വികസനത്തിനും നാളികേര ഉൽപന്നങ്ങളുടെ വൈവിധ്യവൽക്കരണവും സംബന്ധിച്ച് കർഷകരിൽനിന്നും നാളികേരം ശേഖരിച്ച് കൊപ്രയാക്കി മാറ്റുന്നതിനുള്ള യൂണിറ്റുകൾ സ്ഥാപിക്കുന്നതിനുള്ള സാധ്യതകൾ ആരായുന്നതിനും വെളിച്ചെണ്ണയുടെ ഉപയോഗം വർദ്ധിപ്പിക്കുന്നതിനുള്ള പ്രചരണ പ്രവർത്തനങ്ങൾ നടത്തുന്നതിനുമുള്ള വിശദാംശങ്ങളെക്കുറിച്ച് പഠനം നടത്തി റിപ്പോർട്ട് സമർപ്പിക്കാൻ നാളികേര വികസന ബോർഡിന്റെ മുൻ ചെയർമാൻ അധ്യക്ഷനായും കൃഷി ഡയറക്ടർ കൺവീനറായും ഒരു സബ് കമ്മിറ്റിയെ നിയോഗിച്ചിട്ടുണ്ട്.

വംശനാശഭീഷണി നേരിടുന്ന വന്യജീവികൾ

20 (*230) ശ്രീ. എം.എ. തോമസ് :
ശ്രീ. കെ.പി. സതീശ്ചന്ദ്രൻ :
ശ്രീമതി എൻ.കെ. രാധ :
ശ്രീ. വർഗ്ഗീസ് വൈദ്യർ :
ശ്രീ. കടമ്മനിട്ട രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വന്യജീവി ദേശീയ പാർക്കുകളിൽ വംശനാശഭീഷണി നേരിടുന്ന വന്യമൃഗങ്ങളെ സംബന്ധിച്ച് എന്തെങ്കിലും സർവ്വേ നടത്തിയിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത സർവ്വേയുടെ വിശദാംശം വെളിപ്പെടുത്തുമോ;

(സി) സംസ്ഥാനത്ത് എത്ര വന്യജീവി ദേശീയ പാർക്കുകളാണ് ഉള്ളതെന്ന് വെളിപ്പെടുത്തുമോ; അവ ഏതെല്ലാം;

LIBRARY ARCHIVES Kerala Legislative Assembly